**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2329** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവിൽ ഭക്ഷ്യസുരക്ഷ ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ഭക്ഷ്യസുരക്ഷ ചെക്ക് പോസ്റ്റ്, കെട്ടിടം ഉൾപ്പെടെയുള്ളവ സജ്ജീകരിച്ചിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഒരു നിയോജക മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ ആണ് നിലവിലുള്ളത്. പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ജീവനക്കാരുടെ കുറവ് മൂലം ഭക്ഷ്യ സുരക്ഷാ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ജീവനക്കാരും ലാബ് സൗകര്യവും സജ്ജീകരിയ്ക്കുന്ന മുറയ്ക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതാണ്. |
| (ബി) | പ്രസ്തുത ചെക്ക് പോസ്റ്റിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ലാബ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നത് അടിയന്തരമായി പരിഗണിക്കുമോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഒരു നിയോജക മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ ആണ് നിലവിലുള്ളത്. പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ജീവനക്കാരുടെ കുറവ് മൂലം ഭക്ഷ്യ സുരക്ഷാ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ജീവനക്കാരും ലാബ് സൗകര്യവും സജ്ജീകരിയ്ക്കുന്ന മുറയ്ക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതാണ്. |
| (സി) | ശബരിമല മണ്ഡലകാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വരവ് കൂടുതലായ സാഹചര്യത്തിൽ താൽക്കാലിക ലാബ് സൗകര്യമെങ്കിലും ഏർപ്പെടുത്തി പ്രസ്തുത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ശബരിമല മണ്ഡല മകരവിളക്ക് കാലത്ത് പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വരവ് കൂടുതലുള്ളതിനാൽ ജില്ലാ തല ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും, ഹോൾസെയിൽ റീട്ടെയിൽ മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ